# സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

SCERT Kerala

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012
ഫോൺ: 0471 - 2341883, 2340323, ഫാക്സ് : 0471-2341869
ഇ-മെയിൽ : scertkerala@gmail.com, web: www.scert.kerala.gov.in


Prog. I/3109/2016/SCERT 11.01.2017

പ്രേഷകൻ

**ഡയറക്ടർ**
എസ്.സി.ഇ.ആർ.ടി

സ്വീകർത്താവ്

**എല്ലാ എ.ഇ.ഒ മാർക്കും**

സർ,

വിഷയം : എസ്.സി.ഇ.ആർ.ടി – കേരള പാഠ്യപദ്ധതി ചട്ടക്കൂട് അവലോകനവും പഠന സാമഗ്രികൾ മെച്ചപ്പെടുത്തലും – സംബന്ധിച്ച്.

കേരള പാഠ്യപദ്ധതി ചട്ടക്കൂട് അവലോകനത്തിനും പഠനസാമഗ്രികൾ മെച്ചപ്പെടുത്തുന്നതിനുമായി എസ്.സി.ഇ.ആർ.ടി വികസിപ്പിച്ച വിവിധ ടൂളുകൾ ഉപയോഗിച്ച് പ്രൈമറി മുതൽ ഹയർ സെക്കണ്ടറിതലംവരെ തിരഞ്ഞെടുത്ത സ്കൂളുകളിൽ **2017 ജനുവരി 15 മുതൽ ഫെബ്രുവരി 10 വരെ** ഗവേഷണപഠനം നടക്കുകയാണ്. എസ്.സി.ഇ.ആർ.ടി സംഘടിപ്പിച്ച ശില്പശാലയിൽ പങ്കെടുത്ത അറുന്നൂറോളം അധ്യാപകരാണ് പഠനഗ്രൂപ്പിലുള്ളത്. ഇവർ ഈ കാലയളവിൽ ഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായി വികസിപ്പിച്ച 'വിനിമയപാഠങ്ങളുടെ' (Transactional Text) സഹായത്താൽ പാഠഭാഗങ്ങൾ പഠിപ്പിക്കുന്നുണ്ട്. കൂടാതെ കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരിൽ നിന്ന് വിവിധ ടൂളുകൾ ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കുകയും ചെയ്യും. പാഠ്യപദ്ധതി, പാഠപുസ്തകം എന്നിവയുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ സ്കൂളുകളിൽ ഏർപ്പെടുത്തുന്നതിന് പ്രഥമാധ്യാപകർക്ക് നിർദ്ദേശം നൽകാൻ അടിയന്തരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗവേഷകർക്കുള്ള മാർഗരേഖയും ഇതോടൊപ്പം അയക്കുന്നുണ്ട്. പഠനഗ്രൂപ്പിലുള്ള അധ്യാപകർ തുടർന്നും ഗവേഷണവുമായി ബന്ധപ്പെട്ട ശില്പശാലകളിൽ പങ്കെടുക്കേണ്ടതുള്ളതുകൊണ്ട് ഇവരെ പരീക്ഷാജോലികളിൽ നിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഡയറക്ടർ**